(ബി) ആയുർവ്വേദത്തിൽ പാരമ്പര്യ ചികിത്സ നടത്തിയിരുന്ന എത്ര കുടുംബങ്ങൾക്ക് ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ചികിത്സയ്ക്കുള്ള ലൈസൻസ് തുടർന്ന് നൽകാതിരുന്നിട്ടുണ്ട്;

(സി) ഈ കുടുംബങ്ങൾക്ക് ചികിത്സ നടത്തുവാൻ ലൈസൻസ് തുടർന്ന് നൽകാതിരുന്നതിന്റെ ഫലമായി ഇവർ ചികിത്സയ്ക്കായി ഉപയോഗിച്ചിരുന്ന ഗ്രന്ഥങ്ങളും താളിയോലകളും സംരക്ഷിക്കുവാനും അവയിലടങ്ങിയിരുന്ന വിജ്ഞാനം പ്രയോജനപ്പെടുത്തുവാനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മൂന്നു കുടുംബങ്ങൾ.

(ബി) 1423 കുടുംബങ്ങൾക്ക്.

(സി) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പാട്ടത്തിന് നൽകിയ റവന്യൂ പുറമ്പോക്ക് ഭൂമി

262 [3238] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയ വകയിൽ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സർക്കാരിന് ലഭിച്ച പാട്ടസംഖ്യ എത്ര;

(ബി) ഏതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടക്കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും റവന്യൂ ഭൂമി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഭൂമിയുടെ പാട്ടക്കരാർ വ്യവസ്ഥപ്രകാരം എത്രകോടി രൂപയുടെ വരുമാനമാണ് സർക്കാരിന് ലഭിക്കുന്നത്; കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ലഭിച്ച സംഖ്യ എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) പാട്ടക്കരാർ വ്യവസ്ഥ ലംഘിച്ച് പാട്ടത്തിനെടുത്ത സ്ഥലം വീണ്ടും സബ്‌ലീസ് ചെയ്ത് വലിയതോതിൽ സമ്പത്തുണ്ടാക്കുന്ന സ്ഥാപനങ്ങളെയും തോട്ടം ഉടമകളെയും സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പാട്ടത്തിന് കൊടുക്കുന്ന ഭൂമി, വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ കരാർ റദ്ദാക്കി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കരാറുകളാണ് റദ്ദാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)— (എഫ്) വിവരം ശേഖരിച്ചുവരുന്നു.

കർഷകർ കൈവശപ്പെടുത്തിയിട്ടുള്ള സർക്കാർ ഭൂമി

263 [3239] *ശ്രീ. എ. കെ. ബാലൻ:*
„ *രാജു എബ്രഹാം:*
„ *കെ. കെ. ജയചന്ദ്രൻ:*
„ *പി. സി. ജോർജ്ജ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമിനിർണ്ണയം, മിച്ചഭൂമിക്ക് പട്ടയംനൽകൽ, വനഭൂമി അതിർത്തി നിർണ്ണയം എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പ്രശ്നങ്ങൾ പഠിക്കാൻ ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര കേസുകളിൽ തർക്കം പരിഹരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) കർഷകർ കൈവശപ്പെടുത്തിയിട്ടുള്ള മുഴുവൻ ഭൂമിക്കും പട്ടയം ലഭിക്കണമെന്ന ആവശ്യവുമായി ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്തിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വനം വകുപ്പ് വെരിഫിക്കേഷൻ നടത്തി ഭൂമി റവന്യൂ വകുപ്പിന് കൈമാറിയാൽ മാത്രമേ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുകയുള്ളുവെന്ന സർക്കാരിന്റെ നിലപാട് കൈയേറ്റക്കാരെ സഹായിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) മിച്ചഭൂമിനിർണ്ണയം, മിച്ചഭൂമിക്ക് പട്ടയംനൽകൽ, വനഭൂമി അതിർത്തി നിർണ്ണയം എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. മിച്ചഭൂമിനിർണ്ണയം, മിച്ചഭൂമിക്ക് പട്ടയംനൽകൽ, എന്നിവ സംബന്ധിച്ച തർക്കവുമായി ബന്ധപ്പെട്ട് കക്ഷികൾ കോടതി മുമ്പാകെ

LIBRARY ARCHIVES Kerala Legislative Assembly